# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2690

10/12/2014-ൽ മറുപടിക്ക്

## മരുന്നുകളുടെ വില നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| അവശ്യമരുന്നുകളിൽപ്പെടുന്ന 108 എണ്ണത്തിന്റെ വില നിയന്ത്രണം എടുത്തുകളയാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ ജനങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വിശദമാക്കാമോ; | നാഷണൽ ലിസ്റ്റ് ഓഫ് എസ്സെൻഷ്യൽ മെഡിസിൻസിൽപ്പെട്ട 348 മരുന്നുകളുടെ വില കേന്ദ്ര സർക്കാർ നിയന്ത്രിച്ചിട്ടുണ്ട്. ഇത് കൂടാതെയുള്ള 108 മരുന്നുകളുടെ വിലയാണ് കേന്ദ്ര സർക്കാർ നിയന്ത്രിച്ചത്. നാഷണൽ ലിസ്റ്റ് ഓഫ് എസ്സെൻഷ്യൽ മെഡിസിൻസിൽപ്പെട്ട 348 മരുന്നുകളുടെ വില കൂടിയിട്ടില്ല. അതിനാൽ ജനങ്ങളെ ഈ തീരുമാനം കൂടുതലായി ബാധിക്കുകയില്ല.<br><br>ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ ഖണ്ഡിക (19) പ്രകാരം ചില അസാധാരണ സാഹചര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റിന് ഇതിനകം നിശ്ചയിച്ചിട്ടുള്ള മരുന്നുകളുടെ പരമാവധി വില, ചില്ലറ വില്പന വില എന്നിവ ആവശ്യമെങ്കിൽ വാർഷിക മൊത്ത വ്യാപാര വില സൂചിക കണക്കിലെടുക്കാതെ മരുന്നുകളുടെ വില വ്യത്യാസപ്പെടുത്താൻ (കൂട്ടുവാനോ/ കുറയ്ക്കുവാനോ) അധികാരമുണ്ട്. മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഖണ്ഡിക (19) ന്റെ അടിസ്ഥാനത്തിൽ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ) 29/05/2014-ൽ ഒരു മാർഗ്ഗ നിർദ്ദേശ രേഖ പുറപ്പെടുവിക്കുകയുണ്ടായി. |

ആയത് പ്രകാരം വില നിയന്ത്രണ വിധേയമായതും അല്ലാത്തതുമായ വിവിധ ബ്രാൻഡുകളുടെ വില വ്യത്യാസം നിരീക്ഷിക്കുകയും 25%-ൽ കൂടുതൽ വില വ്യത്യാസം കാണപ്പെടുന്ന ബ്രാൻഡുകളുടെ വില നിശ്ചയിക്കാനും തീരുമാനമുണ്ടായി. അതനുസരിച്ച് എൻ.പി.പി.എ. വിവിധ ഗസറ്റ് വിജ്ഞാപനംവഴി പ്രമേഹം, ഹൃദ്രോഗം എന്നിവയ്ക്കുള്ള മരുന്നുകൾ ഉൾപ്പെടെ 108 മരുന്നുകൾക്ക് വില നിശ്ചയിച്ചുറപ്പിക്കുകയുണ്ടായി. ഈ ഉത്തരവിനെതിരെ നിർമ്മാതാക്കൾ ഹൈക്കോടതിയെ സമീപിക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം പ്രസ്തുത മാർഗ്ഗ നിർദ്ദേശം 22/09/2014-ന് പിൻവലിക്കുകയുമുണ്ടായി.

സെക്ഷൻ ഓഫീസർ